

**റോഷി അഗസ്റ്റിൻ**
[കെ.ഇ.സി.(എം) - ഇടുക്കി]

**ജലവിഭവ വകുപ്പ് മന്ത്രി**

ശ്രീ. സി. ടി. അഗസ്റ്റിന്റെയും ശ്രീമതി ലീലാമ്മ അഗസ്റ്റിന്റെയും മകനായി 1969 ജനുവരി 20-ാം തീയതി കോട്ടയം ജില്ലയിലെ ചക്കാമ്പുഴ എന്ന സ്ഥലത്ത് ജനിച്ചു; ബി.എസ്‌സി., എൽഎൽ.ബി. (കോഴ്‌സ് പൂർത്തിയാക്കി); സാമൂഹിക രാഷ്ട്രീയ പ്രവർത്തകൻ.

**വഹിച്ച സ്ഥാനങ്ങൾ**

ഇടക്കോലി ഗവൺമെന്റ് ഹൈസ്‌ക്കൂൾ പാർലമെന്റ് ലീഡർ.

കെ.എസ്.സി.(എം): പാലാ സെന്റ് തോമസ് കോളേജ് യൂണിറ്റ് പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ്.

കേരള കോൺഗ്രസ്(എം): ജനറൽ സെക്രട്ടറി, പാർലമെന്ററി പാർട്ടി വിപ്പ്.

കേരള സ്റ്റേറ്റ് ലീഗൽ എയ്ഡ് ആന്റ് അഡ്വൈസറി ബോർഡ് അംഗം.

രാമപുരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡ് അംഗം.

കെ.എസ്.സി.(എം) പ്രസിഡന്റ് ആയിരിക്കെ അഴിമതിക്കും മദ്യവിപത്തിനും അക്രമരാഷ്ട്രീയത്തിനും അസന്മാർഗ്ഗിക പ്രവർത്തനങ്ങൾക്കുമെതിരെ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നതിനായി 1995-ൽ കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേക്ക് 43 ദിവസം നീണ്ടു നിന്ന വിമോചനപദയാത്രയും, 2001-ൽ കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേയ്ക്ക് ബൈക്കിൽ 19 ദിവസം നീണ്ടു നിന്ന വിമോചനയാത്രയും നടത്തിയിട്ടുണ്ട്.

നിലവിൽ കേരള കോൺഗ്രസ്(എം) പാർലമെന്ററി പാർട്ടി ലീഡർ.

ഇടുക്കി നിയോജകമണ്ഡലത്തിൽ നിന്നും 2001, 2006, 2011, 2016 വർഷങ്ങളിൽ യഥാക്രമം 11, 12, 13, 14 എന്നീ കേരള നിയമസഭകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| അറിയാവുന്ന ഭാഷകൾ | : | മലയാളം, ഇംഗ്ലീഷ് |
| ഭാര്യ | : | ശ്രീമതി റാണി തോമസ് |
| കുട്ടികൾ | : | കുമാരി ആൻമരിയ റോഷി<br>കുമാരി എയ്ഞ്ചൽ മരിയ റോഷി<br>മാസ്റ്റർ അഗസ്റ്റിൻ റോഷി |
| സന്ദർശിച്ച വിദേശ രാജ്യങ്ങൾ | : | സ്വിറ്റ്സർലാൻഡ്, യു.എ.ഇ., യു.എസ്.എ., ചൈന, ആസ്ട്രേലിയ, കുവൈറ്റ്, യു.കെ. |
| ശീലങ്ങൾ | : | പുസ്തകവായന, സിനിമ, സംഗീതം |
| വിനോദം | : | വോളിബോൾ |
| സാഹിത്യ പ്രവർത്തനങ്ങൾ | : | 'കെ.എം. മാണി പൊതുപ്രവർത്തകർക്ക് ഒരു മാതൃക' എന്ന പുസ്തകം രചിച്ചിട്ടുണ്ട്. |
| സ്ഥിരമേൽവിലാസം | : | ചെറുനിലത്തുചാലിൽ,<br>തടിയമ്പാട് പി.ഒ.,<br>വാഴത്തോപ്പ്,<br>ഇടുക്കി-685 602. |
| ഇ-മെയിൽ | : | min.irr@kerala.gov.in |
| വെബ്സൈറ്റ് | : | www.roshyaugustine.com |

**ടെലിഫോൺ നമ്പർ**

| | | |
|---|---|---|
| ഓഫീസ് | : | 0471-2333487 |
| മൊബൈൽ | : | 94470 21314<br>94000 99333 |

**തെരഞ്ഞെടുപ്പ് ഫലം**

| | | |
|---|---|---|
| സമ്മതിദായകർ | : | 1,86,503 |
| വോട്ട് ചെയ്തവർ | : | 1,31,351 |
| ശ്രീ. റോഷി അഗസ്റ്റിൻ [കെ.ഇ.സി.(എം)] | : | 62,368 |
| അഡ്വ. കെ. ഫ്രാൻസിസ് ജോർജ്ജ് (കെ.ഇ.സി.) | : | 56,795 |
| അഡ്വ. സംഗീത വിശ്വനാഥൻ (ബി.ഡി.ജെ.എസ്.) | : | 9,286 |